പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1987 16-02-2016-ന് മറുപടിയ്ക്ക്

**അച്ചൻകോവിൽ റോഡിനു സമീപമുള്ള വനഭൂമി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. രാജു | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ചെങ്കോട്ടയ്ക്ക് സമീപം കേരള അതിർത്തിയിൽ അച്ചൻകോവിൽ റോഡിന് സമീപം കേരള വനം വകുപ്പിന്റെ ഉദ്ദേശം പതിനഞ്ചു ഏക്കർ വനഭൂമിയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത വസ്തുക്കൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | അച്ചൻകോവിൽ റെയിഞ്ചിന്റെ പരിധിയിൽ വരുന്ന ടി ഭൂമിയ്ക്ക് ചുറ്റുമതിൽ നിർമ്മിച്ച് സംരക്ഷിച്ചുപോരുന്നുണ്ട്. കൂടാതെ പ്രസ്തുത ഭൂമിയും അതിൽ സ്ഥിതി ചെയ്യുന്ന പഴയ ഡിപ്പോകെട്ടിടവും വൃക്ഷലതാദികളും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക വാച്ചറെ നിയോഗിച്ചിട്ടുണ്ട്. സംരക്ഷണ വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റാഫീസർ എന്നിവർ യഥാസമയങ്ങളിൽ ടി ഭൂമിയുടെ സംരക്ഷണവും പരിപാലനവും നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുകയും അത് അന്യാധീനപ്പെടാതെ സൂക്ഷിച്ചു പോരുകയും ചെയ്യുന്നുണ്ട് |
| (സി) ഈ ഭൂമിയിൽ വനം വകുപ്പ് നേരിട്ട് ടൂറിസം പ്രൊജക്റ്റ് നടപ്പിലാക്കുവാൻ തയ്യാറാകുമോ; | (സി) & (ഡി) | ഇപ്രകാരമുള്ള പ്രൊപ്പോസലുകളൊന്നും ഇപ്പോൾ നിലവിലില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കാവുന്നതാണ്. |
| (ഡി) ടൂറിസ്റ്റുകൾക്ക് താമസിക്കുവാൻ കഴിയുന്ന തരത്തിൽ വനം വകുപ്പിന്റെ ചുമതലയിൽ ഇൻസ്പെക്ഷൻ ബംഗ്ലാവ് പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | |

Ajithkumar

സെക്ഷൻ ഓഫീസർ